# ജില്ല സബ് ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ്

**കരുനാഗപ്പള്ളി:** അഞ്ചാമത് ജില്ല സബ് ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ് 28ന് കൊല്ലം അയത്തിൽ വി.വി.വി ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നടക്കും. പങ്കെടുക്കുന്ന ടീമുകൾ 26ന് മുമ്പ് പ്ലെയർ രജിസ്ട്രേഷനും 27ന് ഉച്ചക്ക് മുമ്പ് ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ്സൈറ്റിൽ പൂർത്തിയാക്കണം. 2008 ജനുവരി ഒന്നിനോ അതിനുശേഷമോ ജനിച്ച കുട്ടികളാണ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ അർഹരായിട്ടുള്ളത്. ഓപൺ സെലക്ഷൻ ഉണ്ടായിരിക്കില്ല. ഫോൺ: 9539480991.

കേരളകൗമുദി
SINCE 1911
Epaper 02 Feb 2023




# ത്രോബാൾ ജില്ലാ ചാമ്പ്യൻഷിപ്പ്

കരുനാഗപ്പള്ളി: ജില്ലാ ത്രോബാൾ അസോസിയേഷന്റെ നേതൃത്വത്തിൽകരുനാഗപ്പള്ളി ബോയ്സ് എച്ച്.എസ്.എസ് ഗ്രൗണ്ടിൽ ജില്ലാ ചാമ്പ്യൻഷിപ്പ് സംഘടിപ്പിച്ചു. സ്‌കൂൾമാനേജർ വി.രാജൻ പിള്ള ഉദ്ഘാടനം ചെയ്തു. ജെ.പി.ജയലാൽ അദ്ധ്യക്ഷനായി. ഹെഡ്മിസ്ട്രസ് പി.രശ്മിദേവി സ്വാഗതം പറഞ്ഞു. സ്പോർട്സ് കൗൺസിൽ അംഗം നൗഫിൻ സംസാരിച്ചു. സമാപന സമ്മേളനം മുനിസിപ്പൽ ചെയർമാൻ കോട്ടയിൽ രാജു ഉദ്ഘാടനം ചെയ്തു. എസ്.ടി.സാബുജാൻ അദ്ധ്യക്ഷനായി. പ്രിൻസിപ്പൽ വീണറാണി, പി.രശ്മിദേവി എന്നിവർ സംസാരിച്ചു.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Epaper



ജില്ല ത്രോ ബാൾ ചാമ്പ്യൻഷിപ്പിൽ വിജയിച്ചവർ

# ത്രോബാൾ ജില്ല ചാമ്പ്യൻഷിപ് സംഘടിപ്പിച്ചു

**കരുനാഗപ്പള്ളി:** ത്രോ ബാൾ അസോസിയേഷൻ ജില്ല ചാമ്പ്യൻഷിപ് കരുനാഗപ്പള്ളി ബോയ്സ് എച്ച്.എസ്.എസ് ഗ്രൗണ്ടിൽ സംഘടിപ്പിച്ചു. സ്കൂൾ മാനേജർ വി. രാജൻപിള്ള ഉദ്ഘാടനം ചെയ്തു. ജെ.പി. ജയലാൽ അധ്യക്ഷതവഹിച്ചു. ആൺകുട്ടികളുടെ വിഭാഗത്തിൽ കരുനാഗപ്പള്ളി ബോയ്സ് എച്ച്. എസ്.എസും പെൺകുട്ടികളുടെ വിഭാഗത്തിൽ തേവലക്കര ഗേൾസ് എച്ച്.എസ് സ്കൂൾ ഡീയാഗോ സ്പോർട്സ് ക്ലബും വിജയികളായി.

സമാപന സമ്മേളനം നഗരസഭ ചെയർമാൻ കോട്ടയിൽ രാജു ഉദ്ഘാടനം ചെയ്തു. എസ്.ടി. സാബുജാൻ അധ്യക്ഷതവഹിച്ചു. ഹെഡ്മിസ്ട്രസ് പി. രശ്മിദേവി, സ്പോർട്സ് കൗൺസിലംഗം നൗഫിൻ, പ്രിൻസിപ്പൽ വീണാ റാണി എന്നിവർ സംസാരിച്ചു.

## വിപണി

മീഡിയവൺ